# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*


No.227/PR/PIC/PHQ/18 Date 05.09.2018

## മിണ്ടാപ്രാണികൾക്കും സംരക്ഷകരായി പോലീസ്

പ്രളയക്കെടുതിയിൽ അകപ്പെട്ടുപോയ മിണ്ടാപ്രാണികൾക്കും തുണയായി മാറുകയാണ് കേരള പോലീസ്. ദുരന്തം നാശം വിതച്ച ചെങ്ങന്നൂർ, കോട്ടയം, ഇടുക്കി തുടങ്ങിയ വിവിധ പ്രദേശങ്ങളിൽ സഞ്ചരിച്ച് പ്രളയത്തിൽ അവശതയിലായ നായകൾക്ക് ചികിത്സയും ഭക്ഷണവും നൽകുന്നതിന് പോലീസ് സംഘത്തെ വിവിധ പ്രദേശങ്ങളിൽ നിയോഗിച്ചിരുന്നു. പോലീസ് വെറ്റിനറി സർജൻ ഡോക്ടർ ഡോ. ലാറൻസിന്റെ നേതൃത്വത്തിൽ നാലംഗ സംഘം ചെങ്ങന്നൂരിലും കോട്ടയത്തും സെപ്റ്റംബർ രണ്ടു മുതൽ ഇതിനോടനുബന്ധിച്ച പ്രവർത്തനങ്ങൾ നടത്തിവരുന്നു. നായകൾക്ക് വൈദ്യ പരിശോധന, രക്തപരിശോധന എന്നിവ നടത്തി ആവശ്യമായ പ്രതിരോധ കുത്തിവയ്പ്പുകൾ നൽകുകയും മരുന്നും പ്രത്യേക ഭക്ഷണം നൽകുകയുമാണ് ഈ ടീം. ഇതിനകം രണ്ടു സ്ഥലങ്ങളിലായി 56 നായകൾക്ക് പ്രതിരോധ കുത്തിവയ്പ്പും 120 നായകൾക്ക് പ്രത്യേക ഭക്ഷണ കിറ്റുകളും നല്കി. 31 നായകകൾക്ക് വിദഗ്ദ പരിശോധനകളും നടത്തി. കോട്ടയത്ത് കോടിമതയിൽ 45 നായകളെ സംരക്ഷിക്കുന്ന ഒരു സ്ഥലത്ത് ആലശ്യമായ ഭക്ഷണവും പ്രതിരോധ കുത്തിവയ്പ്പുകളും നൽകിയത് ഉടമയ്ക്ക് ഏറെ ആശ്വാസമായി.

നായകൾക്ക് സാധാരണ പ്രതിരോധ കുത്തിവയ്പ്പിനു പുറമെ എലിപ്പനി പകരാതിരിക്കുവാനുള്ള പ്രതിരോധ മരുന്നും നൽകുന്നുണ്ട്. എലിപ്പനി നായകൾ ഉൾപ്പെടെ പല മൃഗങ്ങളുടെയും മൂത്രവും വിസർജ്യങ്ങളും വഴി പകരാനുള്ള സാധ്യതയുള്ളതിനാൽ അവയ്ക്ക് പ്രതിരോധ മരുന്ന് നൽകുന്നതും അവയുടെ ശുചിത്വം ഉറപ്പാക്കുന്നതും പ്രയോജനകരമാണെന്ന് പോലീസ് വെറ്റിനറി സർജൻ ഡോ. ലാറൻസ് പറഞ്ഞു.

വരുന്ന ആഴ്ചകളിൽ മറ്റു പ്രളയബാധിത പ്രദേശങ്ങളും പോലീസ് വെറ്റിനറി ടീം സന്ദർശിക്കും.

*****************

ഫോട്ടോ ക്യാപ്ഷൻ

1. ചെങ്ങന്നൂരിൽ പോലീസ് വെറ്റിനറി സർജൻ ഡോക്ടർ ഡോ. ലാറൻസ് നായകളെ പരിശോധിക്കുന്നു.
2. ചെങ്ങന്നൂരിൽപോലീസ് വെറ്റിനറി സർജൻ ഡോക്ടർ ഡോ. ലാറൻസ് നായകൾക്ക് പ്രതിരോധ കുത്തിവയ്പ്പ് നൽകുന്നു.